പെരിന്തൽമണ്ണ ഗവണ്മെൻറാശുപത്രി.

*1811. [26] ശ്രീ. പി. ഗോവിന്ദൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ ഗവണ്മെൻറാശുപത്രിക്ക് പുതിയ വാർഡുകൾ പണിതീർന്നെങ്കിലും രോഗികൾക്ക് ആവശ്യമുള്ള വെള്ളം കിട്ടാൻ വിഷമമാണെന്നതിനാൽ ആശുപത്രിയിലേക്ക് വേണ്ടത്ര ശുദ്ധജലം കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി സ്വീകരിക്കുമോ ;

(ബി) അതിനുതകുന്ന എന്തെങ്കിലും പദ്ധതി അധികൃതർ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉള്ളെങ്കിൽ ആശുപത്രിക്കടുത്തുള്ള കുളം സർക്കാരിനു വിട്ടുകിട്ടുകയാണെങ്കിൽ കുളം റിപ്പേർ ചെയ്ത് ആശുപത്രിയിൽ രോഗികൾക്കാവശ്യമുള്ള വെള്ളം പൈപ്പുമുഖാന്തിരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡോ. എ. ആർ. മേനോൻ) :

(എ) നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഉണ്ട്. ജലവിതരണപദ്ധതിപ്രകാരം ഇതേവരെ കുഴിച്ചിരുന്ന, ഇപ്പോൾ ആശുപത്രി വളപ്പിലുള്ള കിണർ ഡ്രില്ലിംഗ് മിഷ്യൻ ഉപയോഗിച്ചു ആഴം വർദ്ധിപ്പിച്ചു വെള്ളം കൊടുക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ട്.

(സി) ഇതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചു ആവശ്യമുണ്ടെന്നു കണ്ടാൽ വേണ്ട നടപടിയെടുക്കാം.

കേരള ഗ്രന്ഥശാലാസംഘത്തിൻറെ കീഴിലുള്ള ഗ്രന്ഥശാലകൾ.

*1812 [27] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗ്രന്ഥശാലാസംഘത്തിൻറെ കീഴിൽ എത്ര ഗ്രന്ഥശാലകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഈ ഗ്രന്ഥശാലകൾക്ക് ഗ്രാൻറായി 1958-59 കൊല്ലത്തിൽ ഒട്ടാകെ കൊടുത്തിട്ടുള്ള തുക എത്രയാണ്;

(സി) മലബാർ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ എത്ര ഗ്രന്ഥശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ഡി) ഇവയ്ക്ക് 1958-59 വർഷത്തിൽ ഒട്ടാകെ എത്ര സംഖ്യ ഗ്രാൻറായി കൊടുത്തിട്ടുണ്ട്;

(ഇ) മലബാർ പ്രദേശത്തും തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും ഇന്ന് നിലവിലുള്ള വ്യത്യസ്തമായ ഗ്രന്ഥശാലാ നിയമങ്ങളെ ഏകോപിപ്പിച്ച് കേരളാസ്റ്റേറ്റിനു പൊതുവിൽ ഒരു നിയമം കൊണ്ടുവരാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനു വേണ്ടതായ നിർദ്ദേശങ്ങൾ വച്ചുതുടങ്ങിയോ എന്നു കാരണത്തോടെ അറിയാമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 2294.

(ബി) 2,71,405 രൂപ.

(സി) 36.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലൈബ്രറി ഗ്രാന്റായിട്ട് ലഭിക്കുന്നില്ല. മലബാറിൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലാണ് ഈ ഗ്രന്ഥശാലകളും. അവയ്ക്ക് അങ്ങനെ പ്രത്യേകിച്ച് ഗ്രാന്റ് നൽകുന്നില്ല.

(ഇ) ഉദ്ദേശിക്കുന്നുണ്ട്.

(എഫ്) കാലതാമസം വരുത്തുകയില്ല.

ശ്രീ. എം. ശോഭാലൻകുട്ടി നായർ : ഈ ഗ്രന്ഥശാലാ നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് ഗവണ്മെന്റ് ഒരു ബിൽ തയാറാക്കിക്കഴിഞ്ഞിട്ടുണ്ട് എന്ന് കേൾക്കുന്നതു ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അല്ല. മുമ്പ് തിരുവിതാംകൂർ മേഖലയ്ക്കു വേണ്ടി ഒരു ലൈബ്രറി അക്ട് തയാറാക്കുകയുണ്ടായി. പക്ഷേ അതു വേണ്ടത്ര എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിച്ചുകൊണ്ടുള്ളതായിരുന്നില്ല. ഇപ്പോൾ കേരളത്തിനൊട്ടാകെ ഒരു അക്ട് ഉണ്ടാക്കുന്നതിലേക്ക് ശ്രീമാൻ എസ്. ആർ. വൈദ്യനാഥന്റെ സേവനം ലഭിച്ചിട്ടുണ്ട്. 16-ാംതീയതി അദ്ദേഹം വരുന്നതാണ്. അദ്ദേഹം ഗവണ്മെന്റിന്റെ കയ്യിലുള്ള എല്ലാ രേഖകളും പരിശോധിച്ച് ഒരു അക്ട് തയാറാക്കുന്നതായിരിക്കും.

ശ്രീ. എം. ശോഭാലൻകുട്ടി നായർ : അങ്ങനെ ഏകീകരിച്ചുകൊണ്ടുള്ള ഒരു അക്ട് തയാറാക്കിയിട്ടുണ്ടെന്നും അതു ഗ്രന്ഥശാലാസംഘവും തള്ളിക്കളഞ്ഞു എന്നും പത്രങ്ങളിൽ കണ്ടതു ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയൊന്നും ഗവണ്മെന്റയച്ചുകൊടുത്തിട്ടില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ മുമ്പു തയാറാക്കിയിരുന്ന ഒരു ബില്ലിന്റെ കരടു രൂപം അസോസിയേഷന്റെ അഭിപ്രായത്തിനു കിട്ടിയതാണ്. അല്ലാതെ ഗവണ്മെന്റിന്റെ നിലവാരത്തിൽ അയച്ചുകൊടുത്തിട്ടില്ല.

ശ്രീ. എം. ശോഭാലൻകുട്ടി നായർ : കഴിയുന്നത്രയും വേഗം അങ്ങനെ ഏകീകരിച്ച് ഒരു നിയമം കൊണ്ടുവരാൻ സത്വരനടപടിയെടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതല്ലേ പറഞ്ഞത്. ഇതിലേക്ക് അഡീഷണൽ ഡയറക്ടർ ചുമതലയായി വച്ചിട്ടുള്ള ശ്രീമാൻ എസ്. ആർ. വൈദ്യനാഥൻ, രണ്ടോ മൂന്നോ ആഴ്ചക്കാലം ഇവിടെ താമസിക്കുകയും, അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും പഠിച്ച് ഗവണ്മെന്റിനെ ഉപദേശിക്കുകയും, അതിനു ശേഷം ബിൽ തയാറാക്കുകയും ചെയ്യുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാർ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ ഉള്ള ലൈബ്രറികൾക്കു ഗ്രാന്റു കൊടുക്കുന്നതിനു വല്ല തടസ്സവുമുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ലൈബ്രറി അതോറിറ്റിയുടെ കയ്യിൽ വരുവാനുള്ള കുറച്ചു തുകയുണ്ട്. അതിൽ നിന്നും എടുത്തു അവിടത്തെ ലൈബ്രറികൾക്കു കൊടുത്തുവരികയാണു പതിവു്.

ശ്രീ. എം. നാരായണക്കുറുപ്പ് : അതിൽനിന്നും അവിടെയുള്ള എല്ലാ ലൈബ്രറികൾക്കും ഗ്രാന്റു കൊടുക്കുന്നതിനു തടസ്സമുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തടസ്സമുണ്ടാകാനില്ല. ഒട്ടുക്ക് ഗ്രാന്റു കൊടുക്കാനുള്ള തുകയില്ല. ലൈബ്രറി അതോറിറ്റിയുടെ കൈവശമുള്ള തുക അനുസരിച്ചു കൊടുക്കാൻ നിവൃത്തിയുള്ളു. അങ്ങനെ ഒന്നും കൊടുത്തിട്ടില്ല എന്നേയുള്ളു.

ശ്രീ. ആർ. സുശീലൻ : പുന്നപ്രയ്ക്കടുത്തു പരവൂർ ഉള്ള വായനശാലയ്ക്കു മുമ്പുതന്നെ കിട്ടാനുള്ള 300 രൂപ ഗ്രാന്റ് ഇതുവരെ കിട്ടീട്ടില്ല. അവർ അതിലേക്ക് അപേക്ഷകനും അയച്ചു ക്ഷീണിച്ചിരിക്കുകയാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ പരാതി കിട്ടീട്ടില്ല. ഇതിനു മുമ്പു പറഞ്ഞിട്ടുള്ളതുപോലെ കഴിഞ്ഞകൊല്ലം വാങ്ങിയിട്ടുള്ള ഗ്രാന്റു രണ്ടു മാസത്തിനുള്ളിൽ ഉപയോഗിക്കാതെയിരുന്നിട്ടുള്ള ഗ്രന്ഥശാലകളുടെ ഗ്രാന്റു

LIBRARY ARCHIVES Kerala Legislative Assembly

തടഞ്ഞുവച്ചിട്ടുള്ളതു് ഇപ്പോൾ അതു പിൻവലിച്ചു് ചെയ്തു അതു മടക്കി കൊടുക്കണമെന്നു കഴിഞ്ഞയാഴ്ച ഉത്തരവായിട്ടുണ്ടു്. അതു കൂട്ടത്തിൽ ഈ ലൈബ്രറി കൂടി ഉൾപ്പെട്ടിരിക്കും. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു കൊണ്ടു് അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. അർ. സുശീലൻ : അവരുടെ കയ്യിലുണ്ടു്. അതുവച്ചുകൊണ്ടാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. എം. ജോർജ്ജു് : ഈ അഖിലേൻഡ്യാ വിദ്യാർത്ഥികളുടെ പരിഗണനയ്ക്കായി ഈ ബിൽ അയച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഇല്ല.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഈ കരടുബില്ലിനെപ്പറ്റി സ്ഥാപനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതായി പത്രത്തിൽ വാർത്ത കണ്ടു. അതേപ്പറ്റി വല്ല അറിവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ? സ്ഥാപനങ്ങളുടെ അഭിപ്രായം ഗവണ്മെൻറിനെഴുതീട്ടുണ്ടോ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഒന്നും എഴുതീട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കരടു ബില്ലിൻറെ ഒരു കാപ്പി ഔദ്യോഗികമായി ഒരു രേഖ സ്ഥാപനങ്ങളുടെ അഭിപ്രായത്തിനു അയച്ചുകൊടുത്തതിൻറെ കാപ്പി ഞാൻ കാണുകയുണ്ടായി. അതു ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുമോ. അതേപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അതു സ്വീകരിക്കാൻ. നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു് അതു വിശ്വസിക്കാൻ നിവൃത്തിയില്ല. അന്വേഷിക്കാം. ഗവണ്മെൻറിനു സ്ഥാപനങ്ങളുടെ കത്തു കിട്ടീട്ടില്ല. കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയിൽ കരടുബിൽ അയച്ചുകൊടുത്തതായി അറിവില്ല. അതിനുമുമ്പു് ഇവിടെയുണ്ടായിരുന്ന കരടുബിൽ ഡയറക്ടർ ആഫീസിൽ നിന്നും അവർക്കു് അയച്ചുകൊടുത്തതു് അവർ ചിന്തിച്ചു് അഭിപ്രായം പറഞ്ഞിട്ടുണ്ടാകാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ലൈബ്രറി അസോസിയേഷൻ ഈ രാജ്യത്തുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗ്രാൻറുകൊടുക്കുന്നതിനു ശുപാർശ ചെയ്തിട്ടില്ല എന്നറിയാമോ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ഈ ഗവണ്മെൻറിനു ബന്ധമില്ല. സാധാരണഗതിയിൽ ലൈബ്രറിയുടെ കാര്യം സ്ഥാപനങ്ങളുടെ തന്നെയാണു് നോക്കുന്നതു്. അങ്ങനെയില്ലാതെ നിലനിൽക്കുന്ന വല്ല ലൈബ്രറിയുമുണ്ടെങ്കിൽ ലൈബ്രറിബോർഡിൽ അപേക്ഷിക്കാം എന്നു നിബന്ധനയുണ്ടു്. അങ്ങനെ നേരിട്ടു അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കു ഈ ലൈബ്രറിബോർഡു് പരിശോധിച്ചു തീരുമാനിച്ചശേഷം ഗ്രാൻറു കൊടുത്തിട്ടുണ്ടാകാം. അത്തരം മുറയ്ക്കു ചില ലൈബ്രറികൾക്കു ഗ്രാൻറു കിട്ടിയതായി എനിക്കറിയാം.

ശ്രീ. ടി. എ. തോമ്മൻ : ഡയറക്ടറാഫീസിൽനിന്നു് അയയ്ക്കുന്ന ഗവണ്മെൻറിൽനിന്നു അയച്ചതായി പരിഗണിക്കുമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഗവണ്മെൻറിൽനിന്നു പ്രത്യേകം നിർദ്ദേശം കൊടുത്തു് അയച്ചാലേ ഗവണ്മെൻറു അയച്ചതായിട്ടു പരിഗണിക്കുകയുള്ളൂ.

ശ്രീ. ടി. എ. തോമ്മൻ : ഡയറക്ടറാഫീസിൽനിന്നു് അയയ്ക്കുന്ന പക്ഷത്തിനും ഗവണ്മെൻറു് അങ്ങനെ നിർദ്ദേശം കൊടുക്കാറുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഗവണ്മെൻറു ചില പൊതു നിർദ്ദേശങ്ങൾ കൊടുക്കാറുണ്ടു്. ആ നിർദ്ദേശങ്ങൾവച്ചുകൊണ്ടാണു് ഡിപ്പാർട്ടുമെൻറു പ്രവർത്തിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : ഡയറക്ടറാഫീസിൽനിന്നു് അയച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിനു ഡയറക്ടറക്കു് അധികാരമില്ലെന്നാണോ പറഞ്ഞതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ പറഞ്ഞില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : മേലാൽ ഗവണ്മെൻറു നിർദ്ദേശപ്രകാരം തയാറാക്കുന്ന ബിൽ ഗ്രന്ഥശാലാസംഘത്തിന്റെ അഭിപ്രായത്തിനയച്ചുകൊടുത്തു് അവരുടെ അഭിപ്രായം അനുസരിച്ചു് അവതരിപ്പിക്കാനാണോ വിചാരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് അവരോടതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഗവണ്മെൻറിൽനിന്നുള്ള നിർദ്ദേശമല്ലാതെ ഡയറക്ടറാഫീസിൽനിന്നു് ഇങ്ങനെ ഒരു കരടുബില്ലു് അയച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഏതുകാരണത്തെ കരടുബില്ലാണു് അയച്ചതെന്നു അന്വേഷിക്കുവാൻ നടപടികളെടുത്തിട്ടുണ്ടു്.

ചീഫ് ഇഞ്ചിനീയറന്മാർ.

* 1813. [28] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ചീഫ് ഇഞ്ചിനീയറന്മാരുണ്ടു് ;

(ബി) കൂടുതൽ ചീഫ് ഇഞ്ചിനീയറന്മാരെ നിയമിക്കുവാൻ ഈ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 4.

(ബി) ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവരുടെ എണ്ണം കുറയ്ക്കുവാൻ ആലോചനയുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ഇവർക്കു് ഓരോ ജോലി കൊടുത്തിട്ടുള്ളതുകൊണ്ടു് തൽക്കാലം കുറയ്ക്കുവാൻ നിവർത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ഭരണച്ചെലവു് കൂടുതലാണെന്നു സാധാരണ പറയാറുണ്ടു്. ചീഫ് ഇഞ്ചിനീയറന്മാരുടെ എണ്ണം മറ്റു സ്റ്റേറുകളെ അപേക്ഷിച്ചു് ഇവിടെ കൂടുതലോ, കുറവോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : മറ്റു സ്റ്റേറുകളിലുള്ളതിനെക്കാൾ ഇവിടെ കുറവാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : മദ്രാസിൽ എത്രയുണ്ടു് ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇവിടത്തെക്കാൾ കൂടുതലുണ്ടു്.

തഹസീൽദാരന്മാരുടെ ഇൻക്രിമെൻറഡ് ലിസ്റ്റു്.

* 1814. [29] ശ്രീ. എൻ. രാജഗോപാലൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഹസീൽദാരന്മാരുടെ ഒരു ഇൻക്രിമെൻറഡ് ലിസ്റ്റു് തയാറാക്കിയിട്ടുണ്ടോ (Travancore-Cochin and Malabar) ;

LIBRARY ARCHIVES Kerala Legislative Assembly